തീരുമാനങ്ങൾ അതാതു വകുപ്പുകൾ മുഖാന്തിരം നടപ്പിലാക്കി വരികയുമാണ്. വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി വാഹനങ്ങളുടെ വേഗത പരിധി കർശനമായി പാലിക്കണമെന്ന് പൊതുജനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനു വിപരീതമായി പ്രവർത്തിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാൻ പോലീസ് ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സഹായസഹകരണത്തോടെ ട്രാഫിക് സിഗ്നൽ ലൈറ്റ് സമ്പ്രദായം ഘട്ടംഘട്ടമായി നടപ്പിലാക്കി വരികയാണ്. സ്കൂൾ കുട്ടികൾക്ക് ട്രാഫിക് മേഖലയിൽ പരിശീലനവും ബോധവൽക്കരണവും നൽകുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കൊച്ചി സിറ്റികളിൽ സ്റ്റുഡൻസ് വാർഡർ ട്രെയിനിംഗ് പ്രോഗ്രാം ആരംഭിച്ചിട്ടുണ്ട്. ടി വാർഡർമാരെ ട്രാഫിക് നിയന്ത്രിക്കാൻ പോലീസുകാരെ സഹായിക്കുന്നതിനായി നിയോഗിക്കുന്നുണ്ട്. ഇതിനു പുറമെ ആവശ്യമെന്നു തോന്നുന്ന റോഡുകളിൽ വൺവേ ട്രാഫിക് ഏർപ്പെടുത്തുകയും ഗതാഗത നിയന്ത്രണത്തിനാവശ്യമായ ട്രാഫിക് പോലീസിനെ നിയോഗിച്ചും ആവശ്യം വേണ്ട സ്ഥലങ്ങളിൽ ട്രാഫിക് ഐലന്റുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നവരെ കണ്ടുപിടിച്ച് ഇവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായി, റഡാർ, ബ്രീത്ത് അനലൈസർ എന്നീ ശാസ്ത്രീയ ഉപകരണങ്ങൾ ഉപയോഗിക്കുന്നുണ്ട്. വാഹനത്തിരക്കുള്ള കവലകളിലും മറ്റും ശാസ്ത്രീയമായി മീഡിയനുകൾ സ്ഥാപിച്ചും റിഫ്ലക്ടർ സ്ഥാപിച്ചും ആവശ്യപ്പെട്ട സ്ഥലങ്ങളിൽ ബംബുകൾ നിർമ്മിച്ചും വളവുകളിൽ റോഡുകൾക്കുവേണ്ടത്ര സൂപ്പർ എലിവേഷൻ കൊടുത്തും വാഹനാപകടങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുള്ള മേഖലകളെ അപകട വിമുക്തമാക്കിയിട്ടുണ്ട്. ട്രാൻസ്പോർട്ട് ഡ്രൈവർമാർക്കും, ടാക്സി, ആട്ടോ ഡ്രൈവർമാർക്കും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും റേഡിയോ, ദൂരദർശൻ തുടങ്ങിയ മാദ്ധ്യമങ്ങളിലൂടെ ജനങ്ങൾക്ക് ഉപയോഗപ്രദമായ നിർദ്ദേശങ്ങൾ നൽകി വരുന്നു. ട്രാഫിക് അദാലത്തുകൾ, ട്രാഫിക് വാരാഘോഷം എന്നിവയും സംഘടിപ്പിക്കുന്നുണ്ട്. സംസ്ഥാനത്ത് ട്രാഫിക് സംവിധാനം വിപുലികരിക്കുന്നതിന്റേയും കാര്യക്ഷമമാക്കുന്നതിന്റേയും ഭാഗമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ 3 സിറ്റികളിലേയും ട്രാഫിക് സ്റ്റേഷനുകളിലെ അംഗസംഖ്യ വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ, റോഡ് സുരക്ഷയെ സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് മോട്ടോർ വാഹന നിയമം നടപ്പിലാക്കുന്നതിനും വേണ്ടി '2000 മേയ് 15-ാം മുതൽ ജൂൺ 15-ാം തീയതി വരെ റോഡ് സുരക്ഷാമാസ'മായി ആചരിക്കുകയും ചെയ്തിട്ടുണ്ട്.

സംഘട്ടനങ്ങൾ

37 (37) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 2000 മേയ് 31 വരെ എത്ര സംഘട്ടനങ്ങൾ ഉണ്ടായി ;

(ബി) ഈ സംഘട്ടനങ്ങളിൽ എത്രപേർ കൊല്ലപ്പെട്ടു ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എത്ര പേർക്ക് പരിക്കേറ്റു ; ഈ സംഘട്ടനങ്ങളിൽ ഒട്ടാകെ എത്ര പേരുടെ പേരിൽ കേസെടുത്തു ;

(ഡി) എത്രപേരെ അറസ്റ്റ് ചെയ്തു ; എത്ര കേസ്സുകൾ ചാർജ്ജ് ചെയ്തു ?

ഉത്തരം

(എ) 24458 സംഘട്ടനങ്ങൾ

(ബി) 237 പേർ

(സി) 29630 പേർക്ക് പരിക്കേറ്റു 117893 പേരുടെ പേരിൽ കേസെടുത്തു.

(ഡി) 82299 പേരെ അറസ്റ്റു ചെയ്തു 21351 കേസുകൾ ചാർജ്ജ് ചെയ്തു.

വ്യാജ മദ്യ ലോബി

38 (38) ശ്രീ. വി. ബാലറാം :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സുധാകരൻ :
ശ്രീ. എടുകോൺ നാരായണൻ :
ശ്രീ ജി കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യാജ മദ്യ ലോബിക്ക് പോലീസ് സംരക്ഷണം നൽകുകയും കൂട്ടുനിൽക്കുകയുമാണെന്ന ആക്ഷേപം ഗവൺമെന്റ് ശ്രദ്ധിച്ചിട്ടുണ്ടോ ;

(ബി) വ്യാജമദ്യ ഗുണ്ടകളോടൊപ്പം പോലീസ് ജനങ്ങളെ മർദ്ദിച്ച സംഭവങ്ങൾ ഗവൺമെന്റിനറിവുണ്ടോ ;

(സി) മദ്യലോബിക്കുവേണ്ടി സാധാരണ ജനങ്ങളെ മർദ്ദിച്ച് പോലീസിനെ ജനങ്ങൾ തടഞ്ഞു വച്ച സംഭവങ്ങൾ എത്രയെണ്ണം സംസ്ഥാനത്തുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ഡി) വ്യാജമദ്യക്കച്ചവടക്കാരിൽ നിന്നും വ്യാപകമായി പോലീസ് ഉദ്യോഗസ്ഥർ പണപിരിവു നടത്തുന്ന കാര്യം ഗവൺമെന്റിനറിവുണ്ടോ ;

(ഇ) വ്യാജമദ്യ കച്ചവടകേന്ദ്രങ്ങളിൽ ദുരൂഹമരണങ്ങൾ തുടർക്കഥ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഇത്തരം ദുരൂഹമരണങ്ങളിൽ പോലീസ് അന്വേഷണം കാര്യക്ഷമമായി നടക്കാറുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly